PDF brought to you by ResPaper.com

# Malayalam ICSE-2014

**Answer key / correct responses on:**

Click link: http://www.respaper.com/kiran009/img/4837.pdf

Other papers by KIRAN009 : http://www.respaper.com/kiran009/

**Upload and share your papers and class notes on ResPaper.com. It is FREE!**
**ResPaper.com has a large collection of board papers, competitive exams and entrance tests.**

http://www.respaper.com/

More Next Blog» Create Blog Sign In

# Question Papers 2u

Wednesday, 26 March 2014

## ICSE 10th Board Exam 2014 Malayalam Question Paper

Contributors
- asteriz
- mohamad mubashir

Blog Archive
▼ 2014 (3)
▼ March (3)
ICSE 10th Board Exam 2014 History Question Paper
ICSE 10th Board Exam 2014 Malayalam Question Paper...
ICSE 10th Board Exam 2014 Geography Question Paper...

**MALAYALAM**

***(Three hours)***

***Answers to this Paper must be written on the paper provided separately.***

*You will **not** be allowed to write during the first 15 minutes.*

*This time is to be spent in reading the question paper.*

***The time given at the head of this Paper is the time allowed for writing the answers.***

---

*This paper comprises of two Sections; **Section A** and **Section B.***

*Attempt **all** the questions from Section A.*

*Attempt **four** questions from Section **B**, answering at least **one** question each from the **two** books you have studied and **any two** other questions.*

*The intended marks for questions or parts of questions are given in brackets [ ].*

---

### SECTION—A (40 Marks)

*Attempt **all** questions.*

**Question 1**

Write a short composition in **Malayalam** of approximately 250 words on any **one** of the following topics :—

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ഏകദേശം 250 വാക്കുകളിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക) [15]

(i) നിങ്ങളുടെ ജീവിതത്തിൽ സുഹൃത്തുക്കൾ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി വിവരിക്കുക.

(ii) "മാതൃഭാഷകൾ നമുക്കു പെറ്റമ്മയെപ്പോലെയാണ്" - മാതൃഭാഷയുടെ മഹത്വത്തെപ്പറ്റി ഉപന്യസിക്കുക.

(iii) നിങ്ങളുടെ ഇഷ്ടപ്പെട്ട വിനോദം ഏതാണെന്നും- അത് തെരഞ്ഞെടുക്കുവാനുള്ള കാരണവും, അതിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന സംതൃപ്തിയും എത്ര മാത്രമെന്നും വിശദമാക്കിക്കൊണ്ട് ഒരു ലേഖനം തയ്യാറാക്കുക.

---

**This Paper consists of 12 printed pages.**

**T14 081** **Turn over**

© *Copyright reserved.*



Click for Answer Key: http://www.respaper.com/kiran009/img/4837.pdf

(iv) "പ്രയത്നിക്ക മാത്രം നമുക്കുള്ള കൃത്യം" ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്ര കഥയെഴുതുക.

(v) താഴെ കൊടുത്തിരിക്കുന്ന ചിത്രം സശ്രദ്ധം നിരീക്ഷിച്ചതിനു ശേഷം അത് നിങ്ങളുടെ മനസ്സിൽ ഉദിപ്പിക്കുന്ന ചിന്തകൾ സംയോജിപ്പിച്ചുകൊണ്ട് ഒരു കഥയോ വിവരണമോ എഴുതുക.



**Question 2**

Write a letter in **Malayalam** in approximately 120 words on any **one** of the topics given below :—

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുത്ത് ഏകദേശം 120 വാക്കുകളിൽ ഒരു കത്ത് തയ്യാറാക്കുക) [7]

(i) നിങ്ങൾക്കു സംസ്ഥാന തലത്തിൽ ലഭിച്ച ഒരു പുരസ്കാരത്തെപ്പറ്റി (Award) വിവരിച്ചുകൊണ്ടും അതിന്റെ സന്തോഷം പങ്കിട്ടുകൊണ്ടും സുഹൃത്തിനു ഒരു കത്തെഴുതുക.

(ii) പുതിയതായി വാങ്ങിയ ഒരു വാഹനത്തിന്റെ സാങ്കേതിക തകരാറുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബന്ധപ്പെട്ട സ്ഥാപനത്തിനു ഒരു കത്തെഴുതുക.



**Question 3**

Read the passage given below and answer in **Malayalam** the questions that follow, using your own words as far as possible :—

(താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്കു സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക).



Click for Answer Key: http://www.respaper.com/kiran009/img/4837.pdf

Page 3

[illegible] മഹദ്വാക്യം, പ്രാചീന ഭാരതത്തിൽ മാതാവിന് എത്രമാത്രം ആദരവാണു കല്പിച്ചിരുന്നതെന്നു വ്യക്തമാക്കുന്നു തൈത്തരീയോപനിഷത്തിലാണ് ഈ മാതൃപ്രശംസ. അമ്മ ഈശ്വരിയാണ്, ദേവിയാണ്, ജഗദംബികയാണ്. സൃഷ്ടി സ്ഥിതി കാരിണിയാണ്. ഈശ്വരനെപ്പോലെ വിചാരിച്ച് ആരാധിക്കപ്പെടേണ്ടവളാണ് അമ്മ. മറ്റു ബന്ധുക്കളെക്കാൾ മാതാവിനു മാഹാത്മ്യമേറും. 'അമ്മയുടെ കാൽച്ചുവട്ടിലാണ് സ്വർഗ്ഗം' എന്ന് ഖുറാനിൽ പറയുന്നു. സ്വർഗ്ഗം പോലെ പാവനവും ദിവ്യവുമാണ് അമ്മയുടെ പാദം പതിയുന്ന സ്ഥലം എന്നു സാരം. മകൻ എത്ര ഉന്നതപദവിയിൽ കഴിയുന്നവനായാലും, അമ്മയ്ക്ക് ഒരു ദിവസത്തെ ഗർഭഭാരം വഹിച്ചതിനുപോലും പ്രതിഫലം കൊടുക്കുവാൻ ശക്തനല്ല. മനുഷ്യന്റെ മുഖ്യമായ ധർമ്മം മാതൃപൂജയാണ്.

അമ്മയെപ്പോലെ നാം കരുതേണ്ട മറ്റു സ്ത്രീജനങ്ങൾ ആരൊക്കെയാണെന്ന് 'അദ്ധ്യാത്മ രാമായണ'ത്തിൽ പറയുന്നുണ്ട്. പുത്രി, സഹോദരി, സഹോദരഭാര്യ, പുത്രഭാര്യ, മാതാവ് - ഇവർക്കൊന്നും തമ്മിൽ ഭേദമില്ല. ഇവരെ ആരെയും മനസ്സിൽ ദുഷ്ചിന്തയോടു കൂടി സമീപിക്കയുമരുത്. അമ്മയെ എങ്ങനെ സ്നേഹബഹുമാനങ്ങളോടു കൂടി നാം പരിഗണിക്കുന്നുവോ, അതുപോലെയുള്ള പരിഗണന മുൻപറഞ്ഞ സ്ത്രീകൾക്കും കൊടുക്കണം. അതിനു വിപരീതമായി പ്രവർത്തിക്കുന്നവൻ പാപികളിൽവെച്ചു മഹാപാപിയാണ്.

യാതൊരിടത്താണോ സ്ത്രീകൾ പൂജിക്കപ്പെടുന്നത്, അവിടെ എല്ലാ ദേവതമാരും പ്രസാദിക്കുന്നു. സ്ത്രീകൾ ബഹുമാനിക്കപ്പെടുന്ന സ്ഥലത്ത് ഐശ്വര്യമുണ്ടാകും; സമ്പത്തുണ്ടാകും; അഭിവൃദ്ധിയുണ്ടാകും. കുടുംബത്തിൽ ക്ഷേമവും സമാധാനവുമുണ്ടാകും. സ്ത്രീകളുടെ കണ്ണുനീരു വീഴാനോ, വീഴ്ത്താനോ ഇടയാക്കുന്ന ഒരു ഗൃഹത്തിലും സ്വൈരജീവിതം ഉണ്ടാവുകയില്ല. ആ ഗൃഹം നാൾക്കുനാൾ അധഃപതനത്തിലേക്കും വിനാശത്തിലേക്കും ചെന്നു ചാടും എന്നതു തീർച്ചയാണ്. സ്ത്രീകളെ പീഡിപ്പിക്കുന്നവർക്ക് ആത്യന്തികമായി, അതിഭയങ്കരമായ ആപത്തായിരിക്കും അനുഭവിക്കേണ്ടി വരിക. പുരാണങ്ങളിൽ എത്രയോ കഥാപാത്രങ്ങൾ ഇതിനുദാഹരണങ്ങളാണ്! രാവണൻ, ദുശ്ശാസനൻ, കീചകൻ തുടങ്ങിയവരുടെ കഥ എങ്ങനെയാണ് അവസാനിക്കുന്നതെന്ന് നമുക്കറിയാം.

സ്നേഹം, കാരുണ്യം, സഹനശക്തി, ത്യാഗം, ശുശ്രൂഷ മുതലായി മഹത്തായ മാനുഷിക ധർമ്മങ്ങളും, ഗുണങ്ങളും തികഞ്ഞ വ്യക്തിത്വത്തിന്റെ ഉടമകളായിരുന്നു പ്രാചീന ഭാരതീയ വനിതകൾ. പൗരാണിക ഭാരതം വിഭാവനം ചെയ്തിരുന്നത് സ്ത്രീപുരുഷസമത്വം തന്നെയായിരുന്നു. പുരുഷനോടൊപ്പം തന്നെയാണു സ്ത്രീ. സ്ത്രീയെ കൂടാതെ ജീവിതത്തിന് അർത്ഥമില്ല; നിലനില്പുമില്ല. ദേവന്മാർക്കു പോലും ഇതു ബാധകമാണ്/പരമശിവൻ ശക്തിസ്വരൂപിണിയായ പാർവ്വതിയോടു ചേർന്നെങ്കിൽ മാത്രമേ പ്രപഞ്ചസൃഷ്ടിക്ക് സമർത്ഥനായിത്തീരുന്നുള്ളൂ എന്നും, അങ്ങനെയല്ലെങ്കിൽ അദ്ദേഹത്തിന് ഒന്നു ചലിക്കാൻ പോലും സാധ്യമല്ലെന്നും ശങ്കരാചാര്യൻ 'സൗന്ദര്യലഹരി'യിൽ പറയുന്നു. അത്ര ദൃഢവും



ശക്തവുമാണ് സ്ത്രീ പുരുഷ ബന്ധം എന്നർത്ഥം. പുരുഷനോ സ്ത്രീയ്ക്കോ മാത്രമായി ഒരു സത്തയില്ല. അവരുടെ പരസ്പര സഹകരണം കൊണ്ടേ സമസ്താഭീഷ്ടങ്ങളും കൈവരിക്കുവാൻ സാധിക്കൂ.

അദ്ധ്യാത്മിക ജീവിതത്തിനും ലൗകിക ജീവിതത്തിനും ഒന്നുപോലെ അനുപേക്ഷണീയയായിരുന്നു.
പൗരാണിക ഭാരതത്തിൽ സ്ത്രീ, ഉത്തമമായ ഗൃഹസ്ഥാശ്രമം നയിച്ചിരുന്ന വസിഷ്ഠൻ, അത്രി, അഗസ്ത്യൻ
തുടങ്ങിയ മഹർഷിമാരുടെ പതിവ്രതമാരായിരുന്ന സഹധർമ്മിണിമാരായിരുന്നു യഥാക്രമം അരുന്ധതിയും
അനസൂയയും, ലോപാമുദ്രയും) സീതാദേവിയെ ധർമ്മസങ്കടത്തോടെ പരിത്യജിച്ചിട്ടും രാമൻ അശ്വമേധം
നടത്തുന്നത് അവളുടെ സ്വർണ്ണ പ്രതിമയുടെ സാന്നിദ്ധ്യത്തിലാണ്. ഭാര്യാഭർത്തൃ ബന്ധത്തിന്റെ പവിത്രതയെ
ഭാരതീയ പുരാണേതിഹാസങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നതുപോലെ വിശ്വസാഹിത്യത്തിലെങ്ങും
പ്രതിപാദിച്ചിട്ടില്ല.

**ചോദ്യങ്ങൾ :**

(i) തൈത്തരീയോപനിഷത്തിലെ മാതൃപ്രസംസയുടെ അടിസ്ഥാനത്തിൽ, മനുഷ്യന്റെ മുഖ്യമായ ധർമ്മം മാതൃപൂജയാണെന്ന് എങ്ങനെ സമർത്ഥിക്കാം ? [2]

(ii) അമ്മയേപ്പോലെ നാം കരുതേണ്ട മറ്റു സ്തീജനങ്ങൾ ആരൊക്കെയാണ്? അവരെ എങ്ങനെയൊക്കെയാണ് പരിഗണിക്കേണ്ടത്? [2]

(iii) [illegible] അനുഭവമെന്താണ്? അവരോട്



Click for Answer Key: http://www.respaper.com/kiran009/img/4837.pdf

(iii) സ്ത്രീകളെ പൂജിക്കുകയും [illegible]
അനാദരവ് കാട്ടുമ്പോഴുള്ള ഫലമെന്ത്? [2]

(iv) 'ഭാര്യാഭർത്താക്കന്മാരുടെ പരസ്പര സഹകരണംകൊണ്ടേ സമസ്താഭീഷ്ടങ്ങളും കൈവരിക്കാൻ കഴിയൂ' ഈ ആശയം വെളിപ്പെടുത്തുവാൻ മതിയായ രണ്ട് തെളിവുകൾ നല്കുക. [2]

(v) ഈ ഗദ്യഭാഗത്തിനു ഒരു ശീർഷകം (Title) നൽകി, അതിനെപ്പറ്റി വിവരിക്കുക. [2]

**Question 4**

Answer the following according to the instructions given :—
(താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഉത്തരമെഴുതുക)

(a) Change into indirect speech : [1]
(അനുകഥനമാക്കി മാറ്റുക)

ഗാന്ധാരി : ഇതു തീ കൊണ്ടുള്ള കളിയാണ്. മക്കളെ ശാസിച്ചു നിർത്തി സത്യവും നീതിയും ധർമ്മവും പരിപാലിക്കൂ.

ധൃതരാഷ്ട്രർ : ഞാൻ അതിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ ഭവതി കാണുന്നില്ലേ ?

(b) Give one word for the following : [2]
(ഒറ്റപ്പദമെഴുതുക)
(i) മറ്റാർക്കും ജയിക്കാൻ കഴിയാത്തവൻ
(ii) അക്ഷിയോടുകൂടിയവൻ
(iii) ബാലൻ മുതൽ വൃദ്ധൻ വരെ
(iv) നഗരത്തിൽ പാർക്കുന്നവർ.



(c) Correct the spelling mistakes : [2]
(അക്ഷരത്തെറ്റ് തിരുത്തുക)
(i) ജോതിഷം
(ii) നികൃഷ്ഠം
(iii) പ്രദക്ഷണം
(iv) സാമ്രാട്ട്

(d) Use in sentences of your own : [3]
(വാക്യത്തിൽ പ്രയോഗിക്കുക)
(i) മനസ്സില്ലാ മനസ്സോടെ
(ii) നക്ഷത്രമെണ്ണിക്കുക
(iii) ചെമ്പു തെളിയുക.

## SECTION—B (40 Marks)

*Attempt **four** questions from this Section.*
*You must answer at least one question from each of the two books you have studied and any two other questions.*

### കഥയുറങ്ങുന്ന വഴിയിലൂടെ
(കെ. തായാട്ട്)

**Question 5**

Read the extract given below and answer in **Malayalam** the questions that follow :—
(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം എഴുതുക)

വളരെ സാഹസപ്പെട്ടാണ് പടവുകൾ കയറിയത്. ഇങ്ങനെ പടവുകൾ കൊത്തിയുണ്ടാക്കിയവർ


Click for Answer Key: http://www.respaper.com/kiran009/img/4837.pdf

Page 5

ബുദ്ധി ശൂന്യതയാണ് കാണിച്ചതെന്നു തോന്നി. കുത്തനെയാണ് പടവുകൾ. നൂൽ പിടിച്ചതു പോലെ ഇരുഭാഗത്തും ഇരുമ്പു കുഴൽകൊണ്ടു കൈപ്പിടിയുണ്ടെങ്കിലും അശാസ്ത്രീയമായ ഈ കയറ്റം എന്നെപ്പോലെയുള്ളവർക്ക് ശ്രമകരം തന്നെ.

ചോദ്യങ്ങൾ :

(i) വളരെ സാഹസപ്പെട്ട് എവിടേക്കുള്ള പടവുകളാണ് അദ്ദേഹം കയറിയത് ? ഈ കയറ്റം അശാസ്ത്രീയമാണെന്ന് പറയാൻ കാരണമെന്ത് ? [2]

(ii) പ്രതിമാ നിർമ്മാണത്തിന് പിന്നിലുള്ള ഐതിഹ്യം ചുരുക്കിയെഴുതുക. [3]

(iii) ഗോമതേശ്വരന്റെ കാലുകളിലേക്ക് വള്ളികൾ ചുറ്റിക്കയറുന്നതായി സങ്കല്പിച്ചുള്ള കൊത്തുപണികൾ കണ്ടപ്പോൾ ലേഖകനോർമ്മയിൽ വന്നെത്തിയതെന്താണ് ? [2]

(iv) ജൈന മതത്തെക്കുറിച്ചും ജൈന മതസ്ഥാപകനെക്കുറിച്ചും ഒരു ലഘു വിവരണമെഴുതുക. [3]



## Question 6

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം എഴുതുക)

മൂന്നാം നമ്പർ ബസ്സു കാത്തിരുന്നവർ മടുത്തു. മറ്റു മാർഗ്ഗങ്ങളന്വേഷിച്ചു കൊണ്ട് ചിന്നിച്ചിതറി. അവർക്ക് ചെല്ലേണ്ടിടത്ത് ചെല്ലാൻ വേറെയും ബസ്സ് കാണും. ഞാൻ വീണ്ടും എൻക്വയറിയിൽ ചെന്നു.

'ആലംപൂരിലേക്കുള്ള ബസ്സ്.......' ഒരു സ്വനഗ്രാഹിയന്ത്രം പോലെ അയാൾ പാടി

'പതിനൊന്ന്...പതിനൊന്നര.....' എനിക്ക് ചിരി വന്നു. മണിക്കൂറിനു മുമ്പ് അന്വേഷിച്ച ഞാനാണു വീണ്ടുമന്വേഷിക്കുന്നതെന്നയാളോടു പറഞ്ഞപ്പോൾ അയാളുടെ ചുണ്ടിലും പുഞ്ചിരി വിരിഞ്ഞു.

ചോദ്യങ്ങൾ :

(i) ആലംപൂരിൽ എത്ര ക്ഷേത്രങ്ങളുണ്ട്? അവ നിർമ്മിച്ചതാരാണ് ? [1]

(ii) കൃഷ്ണദേവരായരെ ആലംപൂർ ക്ഷേത്രങ്ങളുമായി ബന്ധപ്പെടുത്തി സ്മരിക്കാനുള്ള കാരണമെന്ത്? [2]

(iii) ചാലൂക്യമാതൃക എന്താണ് ? ചാലൂക്യ വംശത്തെക്കുറിച്ചൊരു കുറിപ്പെഴുതുക. [3]

(iv) ബ്രഹ്മാവാണ് ക്ഷേത്രം നിർമ്മിച്ചതെന്ന് പറയുന്നതെന്തുകൊണ്ട് ? [4]

## Question 7

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

പല സ്ഥലത്തേക്കും ടിക്കറ്റ് കൊടുത്തു കൊണ്ടിരിക്കുന്നു. രാമേശ്വരം വണ്ടിക്കും ടിക്കറ്റ് കൊടുക്കുമോ എന്നന്വേഷിച്ചു. കൊടുക്കുമെന്ന് മറുപടി. അത് കേട്ട് ഞാനും ടിക്കറ്റിന് തിരക്കു കൂട്ടുന്നവരിൽ ഒരാളായി നിന്നു. ടിക്കറ്റു വാങ്ങി തിരിച്ചു വന്നു. അപ്പോൾ ഞാനിരുന്ന ബെഞ്ചിൽ ഒരു നിറകുടുംബം. ഒരപ്പൂപ്പൻ, അമ്മൂമ്മ, മകൾ, മകളുടെ മക്കൾ, ചൂരൽക്കൊട്ട, അടുക്കളപ്പാത്രം, കൂജ, തകരപ്പിടിയുള്ള ചൂൽ, രജകന്റെ ഭാണ്ഡം പോലെ ഒരു കൂറ്റൻ തുണിക്കെട്ടും!

ചോദ്യങ്ങൾ :

(i) ആധുനിക ജീവിതത്തിന്റെ മോടികളൊന്നും രാമേശ്വരത്ത് എത്തിയിട്ടില്ലെന്ന് ലേഖകന് തോന്നാൻ കാരണമെന്ത് ? [2]

(ii) "സേതുപതിമാർ" ആരാണ്? ഒരു ലഘു വിവരണം നല്കുക [2]



Click for Answer Key: http://www.respaper.com/kiran009/img/4837.pdf

(iii) രാമായണം യുദ്ധകാണ്ഡത്തിലെ മുഖ്യപ്രതിപാദ്യം എന്താണ്? [2]

(iv) പാപചിന്ത തന്നെ അസ്വസ്ഥനാക്കിയപ്പോൾ ശ്രീരാമൻ ശിവപൂജ നടത്തി പ്രായശ്ചിത്തം ചെയ്യാൻ തീർച്ചയാക്കി- അതുമായി ബന്ധപ്പെട്ടുള്ള ഐതിഹ്യകഥ എഴുതുക. [4]



## വേരുകൾ
### (മലയാറ്റൂർ രാമകൃഷ്ണൻ)

**Question 8**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

"നമ്മ നാണു ശിത്തപ്പാവോടു കുട്ടികൾ ശെയ്ത മാതിരി നീ ശെയ്യ വേണ്ടാം", പെരിയപ്പ പറഞ്ഞു നിർത്തി!

ചോദ്യങ്ങൾ :

(i) പെരിയപ്പ രഘുവിനെ ഉപദേശിക്കുന്നതെങ്ങനെ ? [2]

(ii) നാണുശിത്തപ്പന്റെ ഉയർച്ചയെപ്പറ്റി വിവരിക്കുക. [3]

(iii) അദ്ദേഹത്തിന്റെ തകർച്ച എങ്ങനെയായിരുന്നു ? [2]

(iv) അദ്ദേഹത്തിന്റെ ഇംഗ്ലീഷ് "പരിജ്ഞാനത്തെ" പ്പറ്റി വിവരിക്കുക. [3]

**Question 9**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

"ആ നിധി ശിവസ്വത്താണ്. എടുത്തുകൂടാ. എടുത്താൽ വംശം മുടിയും. പക്ഷേ നാലു തലമുറ കഴിഞ്ഞാൽ എടുക്കാമെന്നാണ് പ്രശ്നക്കാരൻ വിധിച്ചത്".

ചോദ്യങ്ങൾ :

(i) തിരുവോണമൂട്ടിനെപ്പറ്റി പാട്ട സവിസ്തരം പറഞ്ഞതെന്ത് ? [3]

(ii) ആ നിധിയെപ്പറ്റി പാട്ട എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത് ? [3]

(iii) പാട്ട പരസ്പര ബന്ധമില്ലാതെ പറഞ്ഞതെന്തെല്ലാം ? [2]

(iv) ഉച്ചയൂണു കഴിഞ്ഞ് പാട്ട എന്താണ് ചെയ്തത് ? [2]





Click for Answer Key: http://www.respaper.com/kiran009/img/4837.pdf

**Question 10**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം എഴുതുക)

അല്പം കഴിഞ്ഞപ്പോൾ, ഹോസ്റ്റൽ പ്യൂൺ മമ്മത് തന്റെ മുറിയിൽ വന്നു.

"വാർഡൻ സാർ വിളിക്കുന്നു."

ചെന്നു. പോകുന്ന വഴിയിൽ പത്മനാഭന്റെ മുറിയിൽ കയറി വിവരം പറഞ്ഞു. വാർഡനോടു താൻ ഹിന്ദുമതത്തെപ്പറ്റി അല്പം പറയാൻ പോവുകയാണ്. വേണ്ടി വന്നാൽ സപ്പോർട്ട് ചെയ്തേക്കണം കട്ടിയുള്ള ചില്ലുകൾക്ക് പിന്നിൽ, വാർഡന്റെ കണ്ണുകൾ വളരെ വലുതായിത്തോന്നി- പൊരിച്ച കോഴിമുട്ടയോളം.

**ചോദ്യങ്ങൾ :**

(i) ഹോസ്റ്റൽ വാർഡനെ കുപിതനാക്കിയ സംഭവം വിവരിക്കുക. [2]

(ii) രഘു ഹിന്ദുമതത്തെപ്പറ്റി പറഞ്ഞതെന്ത് ? [3]

(iii) ദീപാവലി സർവ മത ചടങ്ങായി മാറിയതെങ്ങനെ ? [2]

(iv) സപ്പോട്ടയുടെ ചരിത്രം വിവരിക്കുക. [3]

**നളിനകാന്തി**

**(ടി. പത്മനാഭൻ)**

**Question 11**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

രാവിലെ കനാലിന്റെ കരയിലൂടെ പോയവർ കണ്ടു: കാവൽപ്പുരയുടെ പടിയിൽ തലയിടിച്ച് ഭോലാറാം കിടക്കുന്നു. മഴത്തുള്ളികൾ വീണു നനഞ്ഞ അയാളുടെ കണ്ണുകൾ അടഞ്ഞിരുന്നില്ല. കണ്ണുകളിൽ സൂര്യപ്രകാശമുണ്ടായിരുന്നു. അയാളുടെ അരികിലായി കനാലിലൂടെ ഒലിച്ചുവന്ന ഒരു വാഴത്തടിയുമുണ്ടായിരുന്നു.

**ചോദ്യങ്ങൾ :**

(i) ഭോലാറാമിന്റെ മനസ്സിൽ മകന്റെ രൂപം തെളിഞ്ഞു വന്നതെപ്രകാരമാണ് ? [2]

(ii) ആളുകൾ ഭോലാറാമിനോടു മകനെപ്പറ്റി ചോദിച്ചതെന്തെല്ലാം. അതിനു അയാൾ നൽകിയ മറുപടി എന്ത് ? [3]

(iii) മേസ്ത്രി ഭോലാറാമിനെ വിളിക്കാൻ കാരണമെന്ത് ? അയാളുടെ ജോലി എന്തായിരുന്നു ? [2]

(iv) ഭോലാറാമിന്റെ അന്ത്യം വിവരിക്കുക. [3]



**Question 12**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

നാലാളും കൂടി പിറകിലെ മുറ്റത്തു നിന്ന് എന്തൊരു തൊള്ളയിടലായിരുന്നെന്നോ- ആകാശം പൊളിഞ്ഞു പോകുന്ന മാതിരി- ഞാൻ കുറച്ച് പാലു കൊണ്ടുക്കൊടുത്തപ്പോൾ ആദ്യം വലിയ മടിയായിരുന്നു. പക്ഷെ, പിന്നെ മടിയും പേടിയുമൊക്കെ പോയി. വിളിച്ചപ്പോൾ അകത്തു വന്നു.

ചോദ്യങ്ങൾ :

(i) 'പുറകിലെ മുറ്റത്ത് തൊള്ളയിട്ട നാലാളുകൾ' - അവരെക്കുറിച്ചൊരു വിവരണം നല്കുക. [2]

(ii) അയാൾക്ക് സ്വയം നിന്ദ തോന്നാൻ കാരണമെന്ത് ? [2]

(iii) മാസങ്ങൾക്കു മുമ്പ് മഹാമാരിയുടെ രൂപത്തിൽ വന്നതെന്ത് ? കുട്ടികളില്ലാത്ത ദമ്പതികൾ, അവരുടെ കഠിന സന്താപത്തിൽ നിന്ന് വിടുതൽ നേടിയതെങ്ങനെ ? [2]

(iv) കണ്ണനേയും കൂട്ടുകാരേയുംപറ്റി അയാൾ കാണുന്ന സ്വപ്നം എന്തായിരുന്നു ? [4]

## Question 13

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

മനസ്സിൽ കൊല്ലങ്ങൾക്ക് മുമ്പ് മരിച്ചുപോയ മകന്റെ ഓർമ്മകൾ മാത്രമായിരുന്നു. ആ ഓർമ്മകളുടെ ശക്തിയിൽ, താൻ എന്തിനാണ് ഇത്രയും ദൂരം യാത്ര ചെയ്ത് അവിടെ എത്തിയതെന്ന കാര്യം പോലും അവർ മറന്നുപോയി.

ചോദ്യങ്ങൾ :

(i) മരിച്ചുപോയ മകനപ്പറ്റിയുള്ള അവരുടെ ഓർമകൾ എന്തെല്ലാമായിരുന്നു ? [2]

(ii) "എനിയ്ക്കതൊക്കെയെന്തിനാണെന്ന്" - അവർ പറഞ്ഞിരിക്കുന്നതെന്തിനെക്കുറിച്ചാണ്. ആരൊക്കെ തമ്മിലുള്ള സംഭാഷണമാണിത് ? [2]

(iii) എല്ലാം പഴയതിന്റെ നിഴൽ മാത്രമായിരുന്നു- എന്ന് അവർക്ക് തോന്നിയതെന്തെല്ലാം ? [2]

(iv) വഴിതെറ്റിയാണ് ഈ ജോലിയിൽ എത്തിയത് എന്ന് ഡോക്ടർക്ക് തോന്നാനുണ്ടായ സാഹചര്യമേത്? വിശദീകരിക്കുക. [4]



### മാതൃഹൃദയം

### (ബാലാമണിയമ്മ)

## Question 14

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

അക്കുമാരിയുണർന്നു; തുറന്നുതൻ-
നിഷ്കപട വിശാല നയനങ്ങൾ
കോമളത്തുടും ചുണ്ടൊന്നു വക്രിപ്പി -
ച്ചോമലാളതാ, പുഞ്ചിരിക്കൊള്ളുന്നു
"എന്നെ നോക്കിച്ചിരിക്കുകയാണെ"ന്നു



Click for Answer Key: http://www.respaper.com/kiran009/img/4837.pdf

ധന്യനഗ്രജൻ സ്വന്തം ചവിട്ടുന്നു.

ചോദ്യങ്ങൾ :

(i) കുഞ്ഞിനെ ഉണർത്താനായി ബാലൻ എന്താണ് ചെയ്തത്? കുഞ്ഞുണർന്നു പുഞ്ചിരിച്ചപ്പോൾ ബാലൻ അമ്മയോടു പറഞ്ഞതെന്താണ് ? [2]

(ii) കൊച്ചനുജത്തിയെ തലോടുവാൻ മറ്റേതു കൈകളെക്കാളും ബാലന്റെ കൈകൾക്കാണ് അർഹതയെന്ന് കവയിത്രി പറയുന്നതെന്തുകൊണ്ട് ? [2]

(iii) അമ്മ മകനെ ശാസിച്ചത് എന്തിന് ? എങ്ങനെ ? [3]

(iv) അമ്മയുടെ ഹൃദയം ആർദ്രമാവാനുള്ള കാരണങ്ങൾ എന്തെല്ലാം ? [3]

## Question 15

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

വഞ്ചന തേച്ചുതേച്ചൊട്ടിച്ച പാരിതിൻ
വൻ ചുമർക്കൽക്കളെപ്പാർക്കും തോറും
കായുന്നു മാനസം സത്യത്തിൻ കോവിലേ,
കാണുമോ കാണുമോ നിന്നെ ഞങ്ങൾ ?

ചോദ്യങ്ങൾ :

(i) "സാധ്യമാവില്ലയോ പുണ്യം നിൻ ദർശനം" - ആരുടെ ദർശനത്തെക്കുറിച്ചാണിവിടെ പരാമർശിച്ചിരിക്കുന്നത്? ദർശനം സാധ്യമാകാത്തതിന് കവി കണ്ടെത്തുന്ന കാരണമെന്ത് ? [2]

(ii) ആദർശലോകത്തെ കവി എന്തിനോടെല്ലാം താരതമ്യപ്പെടുത്തിയിരിക്കുന്നു ? [2]

(iii) ആനന്ദ സൗന്ദര്യ പാര്യമായ ആദർശലോകത്തെ, ഇനി മേലിൽ അന്വേഷിച്ചലയില്ല എന്ന് പറഞ്ഞിരിക്കുന്നതിന് കാരണമെന്ത് ? [2]

(iv) വ്യത്യസ്ത കുലങ്ങളുടെ കാഴ്ചപ്പാടിൽ ആദർശത്തിന്റെ ഇരിപ്പിടമെവിടെ ? [4]



## Question 16

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരമെഴുതുക)

സന്തതം ബാഹ്യസൗന്ദര്യോന്മുഖർ നമ്മു -
ക്കന്തർമ്മുഖാലോക വൈദഗ്ദ്ധ്യമറ്റുപോയ്,
പൈതലിൻ ദിവ്യത കാണ്മാൻ നമുക്കിന്നു
ഭൂതകാലത്തിലേയ്ക്കെത്തിച്ചു നോക്കണം.

ചോദ്യങ്ങൾ :

(i) മകൻ വേണു ഗാനമാലപിച്ചതെവിടെ നിന്നാണ്? അതുകേട്ട അമ്മയ്ക്ക് തോന്നിയതെന്ത് ? [2]

(ii) തേജസ്വരൂപികൾ വന്നതെങ്ങനെ? വരാൻ കാരണമെന്ത് ? [2]

(iii) സ്വപുത്രനിൽ അമ്മ ദർശിച്ചതെന്താണ്? അമ്മയുടെ കണ്ണുകൾക്കുള്ള അത്ഭുത സിദ്ധിയെന്താണ്? [3]

(iv) "ചോരി വായ്ക്കുള്ളിലിബ്രഹ്മാ -
ണ്ഡമൊന്നാകെ മാതാവു ദർശിച്ചു" - ഇതുമായി ബന്ധപ്പെട്ട പുരാണകഥ വിവരിക്കുക. [3]

ഭാരതപര്യടനം


Click for Answer Key: http://www.respaper.com/kiran009/img/4837.pdf

(കുട്ടിക്കൃഷ്ണമാരാർ)

**Question 17**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കു ത്തരമെഴുതുക)

"കൗരവന്മാരെ ഈ ഘോഷയാത്രയ്ക്കു പ്രേരിപ്പിച്ച ഗൂഢോദ്ദേശ്യം മനുഷ്യസാധാരണമാണ്......."

ചോദ്യങ്ങൾ :

(i) ഘോഷം എന്നാലെന്ത് ? ഘോഷ യാത്ര എങ്ങനെയായിരുന്നു ? [2]

(ii) ഘോഷ യാത്രയ്ക്കു പോയ കൗരവർക്കു എന്തു സംഭവിച്ചു ? [2]

(iii) കൗരവരെ ഘോഷ യാത്രയ്ക്കു പ്രേരിപ്പിച്ച ഗൂഢോദ്ദേശ്യം എന്ത് ? [3]

(iv) യുധിഷ്ഠിരൻ ഭീമനെ ഉപദേശിക്കുന്നതെങ്ങനെ ? [3]



**Question 18**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കു ത്തരമെഴുതുക)

"ഇതു. കേട്ടപ്പോൾ കർണ്ണന്റെ മുഖം താണു; അതു മഴയേറ്റു ചാഞ്ഞ താമരപ്പൂ പോലെയായി. അപ്പോൾ ദുര്യോധനൻ പറഞ്ഞു : ആചാര്യാ, രാജാക്കന്മാരുടെ കുലം............"

ചോദ്യങ്ങൾ :

(i) കർണ്ണന്റെ മുഖം താണതെപ്പോൾ ? [2]

(ii) അപ്പോൾ ദുര്യോധനൻ എന്താണ് പറഞ്ഞത് ? എന്താണ് ചെയ്തത് ? [3]

(iii) കർണ്ണൻ തന്റെ വിനയം പ്രകടമാക്കിയതെങ്ങനെ ? [2]

(iv) കർണ്ണനെ മഹാനാക്കുന്ന ഏറ്റവും വലിയ ഗുണമെന്ത് ? വിവരിക്കുക. [3]

**Question 19**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെ കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്കു ത്തരമെഴുതുക)

"അതു പറഞ്ഞപ്പോൾ ആ വൃദ്ധബ്രാഹ്മണൻ മോഹാലസ്യപ്പെട്ടുപോയി. ദുര്യോധനൻ അപ്പോഴാദ്യമായി ചുടുനെടുവീർപ്പോടെ അതിനെപ്പറ്റി ആലോചിക്കുകയുണ്ടായി".

ചോദ്യങ്ങൾ :

(i) ദുര്യോധനൻ സന്ധിയെപ്പറ്റി ചിന്തിച്ചതെപ്പോൾ ? [2]

(ii) തനിക്കു ഇനി സന്ധി ഉചിതമല്ലെന്നു അദ്ദേഹം തീരുമാനിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ? [3]

(iii) ദുര്യോധനൻ ഭീമനു നൽകുന്ന മറുപടി എന്ത് ? [3]


Click for Answer Key: http://www.respaper.com/kiran009/img/4837.pdf

(iv) കൃഷ്ണൻ ദുര്യോധനനെ അധിക്ഷേപിക്കുന്നത് എങ്ങനെ ? [2]



Posted by mohamed mubashir at 11:37
g+1 Recommend this on Google

No comments:

Post a Comment

Enter your comment...

Comment as: Google Accou

Publish Preview

Newer Post Home Older Post

Subscribe to: Post Comments (Atom)

Simple template. Powered by Blogger.


Click for Answer Key: http://www.respaper.com/kiran009/img/4837.pdf